പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *500 23.03.2018 ന് മറുപടിയ്ക്ക്.

## തൊഴിലാളികൾക്ക് വൈദഗ്ധ്യം പകർന്ന് നൽകുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. രാജഗോപാലൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഫലമായി സർവമേഖലയിലും തൊഴിൽ നഷ്ടമുണ്ടായെന്ന സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലും സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി മദ്ധ്യേഷ്യൻ രാജ്യങ്ങളിലെ ദേശസാൽക്കരണം കാരണം പ്രവാസികളായ അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിനിടയാക്കുന്നതും പരിഗണിച്ച് തൊഴിലാളികൾക്ക് വൈദഗ്ധ്യം പകർന്ന് നൽകുന്നതിനും ഇത്തരം തൊഴിലാളികൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുമായി പദ്ധതിയുണ്ടോ; | (എ) സംസ്ഥാന നൈപുണ്യ വികസന മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേന്ദ്രീകൃതമാക്കുന്നതിനുമുള്ള ഭരണ സംബന്ധമായ ചട്ടക്കൂട് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ ഭരണ സംബന്ധമായ ചട്ടക്കൂടിന്റെ രൂപീകരണത്തിനു ശേഷം, ദീർഘകാലത്തെ പ്രവാസ ജീവിതം കഴിഞ്ഞു തിരിച്ചെത്തുന്ന തൊഴിലാളികൾക്ക്, അവരുടെ പ്രവൃത്തി പരിചയം തിരിച്ചറിഞ്ഞും, അംഗീകരിച്ചും കൊണ്ട് റെക്കഗ്നിഷൻ ഓഫ് പ്രയർ ലേണിംഗ് (RPL) സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) സ്കിൽ ഡെവലപ്മെന്റ് മിഷൻ വഴി ലേബർ മാർക്കറ്റ് ഇൻഫർ മേഷൻ സിസ്റ്റം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇതുമായി ബന്ധപ്പെട്ട മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഡയറക്ടറേറ്റുകളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ സ്റ്റേറ്റ് ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (സി) 'ഇൻഡ്യ സ്കിൽസ് കേരള' യുടെ വിശദാംശവും ലക്ഷ്യവും അറിയിക്കാമോ? | (സി) റഷ്യയിലെ ഖസാനിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര നൈപുണ്യ മത്സരമായ വേൾഡ് സ്കിൽസ് ഖസാൻ -2019 ന് മുന്നോടിയായി സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പും സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ മത്സരമാണ് ഇന്ത്യാ സ്കിൽസ് കേരള -2018. നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതു ജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുക എന്നതാണ് ഇന്ത്യാ സ്കിൽസ് കേരള -2018 ന്റെ ലക്ഷ്യം. വേൾഡ് സ്കിൽസ് -2019 മത്സരത്തിന്റെ അതേ മാതൃകയിലാണ് ഇന്ത്യാ സ്കിൽസ് കേരള -2018 ന്റെ മത്സരങ്ങളും നടത്തുന്നത്. ജില്ലാ, മേഖലാ തല മൽസരങ്ങളുടെ വിജയികളാകുന്നവർക്കാണ് കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ വെച്ചു നടക്കുന്ന ഇന്ത്യാ സ്കിൽസ് കേരള -2018 എന്ന സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ഇന്ത്യാ സ്കിൽസ് കേരള -2018 ലെ വിജയികൾക്ക് മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആൻഡ് എൻട്രപ്രണർഷിപ്പ് സംഘടിപ്പിക്കുന്ന ദേശീയ തല മത്സരത്തിൽ പങ്കെടുക്കുന്നതിനും അതിൽ വിജയികളാകുന്ന വർക്ക് 2019 ൽ റഷ്യയിലെ ഖസാനിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര നൈപുണ്യ മത്സരത്തിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിക്കും. |

Bindu

സെക്ഷൻ ഓഫീസർ